بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 29/08/14

(02 DHUL-QADDAH 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറ അൽഫാത്തിഹായ്ക്ക് ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു

കഴിഞ്ഞ ആഴ്ച ആരംഭിച്ച സൂറ അൽഫാത്തിഹായിലെ വചനങ്ങളുടെ വിശദീകരണം അല്ലാഹുവിന്റെ അനുഗ്രഹത്താൽ തുടരുകയാണ്.

**സൂറ അൽഫാത്തിഹായിലെ 6,7 വചനങ്ങളുടെ അർത്ഥം**

ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം - നീ ഞങ്ങളെ നേർപാതയിൽ നയിക്കേണമേ ! ഇസ്ലാമിന്റെ പാതയിൽ (അല്ലാഹുവിന്റെ ഇംഗിതത്തിന് പരിണപൂർണ്ണമായി അർപ്പണം ചെയ്യുക) വിശ്വാസത്തിന്റെ പാതയിൽ ഇഹ്സാന്റെ പാതയിൽ (നാം അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ ആരാധന നടത്തുക, ആ നിലവാരത്തിൽ നമുക്ക് എത്തിച്ചേരുവാൻ കഴിയുന്നില്ലെങ്കിൽ, അവൻ നമ്മെ കണ്ടു കൊണ്ടിരിക്കുന്നു എന്ന ബോധാവസ്ഥയിൽ ആരാധിക്കുക) തഖ്‌വയുടെ പാതയിൽ, അതായത് അല്ലാഹു കല്പിച്ച കല്പനകൾ അഖിലവും പൂർത്തിയാക്കുവാൻ നാം കഠിനാധ്വാനം ചെയ്യേണ്ടതാണ്. അല്ലാഹു നിരോധിച്ച എല്ലാ കാര്യങ്ങളിൽ നിന്നും നാം ഒഴിഞ്ഞു മാറുകയും ചെയ്യേണ്ടതാണ്. മനസ്സു കൊണ്ടും, കണ്ണുകൾ കൊണ്ടും, ചെവികൾ കൊണ്ടും, വായ് കൊണ്ടും, കാലുകൾ കൊണ്ടും അങ്ങനെ നമ്മുടെ ശരീരത്തിലെ ഓരോ അവയവം കൊണ്ടും.

അത്തരത്തിലൊരുപാത ചോദിക്കുവാൻ, അല്ലാഹു നമ്മെ പഠിപ്പിക്കുന്നു. അപ്പോൾ നാം ഈലോകത്തും പരലോകത്തും വിജയശ്രീലാളിതരായി തീരുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, വല്ലപ്പോഴും അവനിൽ നിന്നും ആരെങ്കിലും വന്നാൽ നമുക്ക് നേരായ പാതകാണിച്ചു തരുന്നതിന്നായി, നമുക്ക് മാർഗ്ഗദർശനം നല്കുന്നതിന്നായി, അദ്ദേഹം ദൈവീകാനുഗ്രഹത്താൽ, അതുവരെ അറിയപ്പെടാത്ത ദൈവീക ജ്ഞാന സമ്പത്തുമായി വരുമ്പോൾ, നമ്മൾ അദ്ദേഹത്തെ എങ്ങനെയാണ് വിളിക്കേണ്ടത് ? ദൈവ പ്രാവചകൻ എന്ന പേരിലല്ലേ വിളിക്കേണ്ടത് ?

ഒരു മുഹദ്ദതാണദ്ദേഹം എന്നുവിളിച്ചാൽ ഡിക്ഷണറിയിൽ കൊടുത്തിരിക്കുന്ന തഹ്ദീത് എന്ന വാക്കർത്ഥത്തിന് എതിരാകും. മുഹദ്ദത് എന്ന വാക്കിന്റെ റൂട്ട് രൂപം കൊള്ളുന്നത് തഹ്ദീത് എന്ന വാക്കിൽ നിന്നാണ്. മുഹദ്ദത് എന്നാൽ ഹദീത് പണ്ഡിതൻ എന്നു പറയാം. തഹ്ദീത് എന്ന വാക്കിന് വെളിപാടിലൂടെ ലഭിക്കുന്ന അറിയപ്പെടാത്ത അറിവുകൾ എന്നർത്ഥമില്ല. എന്നാൽ നുബുവ്വത്ത് എന്നവാക്കിന് വെളിപാടിലൂടെ ലഭിക്കുന്ന അറിവുകൾ എന്നാണർത്ഥം. നബി എന്നവാക്ക് അറബിയിലും ഹീബ്രുവിലും സാധാരണയായി ഉപയോഗിക്കുന്ന വാക്കാണ്. നബഅ് എന്ന ധാതുവിൽ നിന്നാണ് ഇതിന്റെ ഉല്പത്തി. ദൈവിക വെളിപാടുകളാൽ ധന്യമാക്കിയിരിക്കുന്നു, അതിൽ പ്രവചനത്തിന്റെ ശക്തിയുണ്ടായിരിക്കും. ഒരു ദൈവദൂതൻ ആകുന്നതിന്, ദൈവത്തിൽ നിന്നും ഒരു പുതിയ ശരീഅത്തുമായി വരൽ നിർബന്ധമല്ല. അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവ് ലഭിച്ചാൽ മതി. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ അനുയായികൾക്ക് മുമ്പ് നല്കിയ എല്ലാഅനുഗ്രഹങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട് എന്നത് നല്ലതുപോലെ ഓർത്തിരിക്കേണ്ടതാണ് അതായത് പ്രവാചകന്മാർ, സിദ്ദീഖീങ്ങൾ, (മുഹമ്മദ് (സ) യുടെ അനു

യായി ആയ അബുബക്കർ (റ) അർപ്പണബുദ്ധിയോടെ പ്രവാചകനെ സേവിക്കുകയുണ്ടായി. അത്തര ത്തിൽ പിന്തുടരുന്നവരാണ് സിദ്ദീഖീങ്ങൾ) പ്രവാചകന്മാർക്ക് പ്രവചനം ചെയ്യുവാനുള്ള കഴിവ് ഉണ്ട്. അത് അല്ലാഹുവിന്റെ ദാനമാണ്. അങ്ങനെയാണ് അവരുടെ പദവി അവൻ ഉയർത്തിയിരിക്കുന്നത്. പ്രവാച കന്മാർക്കും, ദൈവദൂതന്മാർക്കും മാത്രമായി നിജപ്പെടുത്തിയിരിക്കുന്ന അജ്ഞാത രഹസ്യങ്ങൾ എല്ലാ വർക്കും ലഭ്യമല്ല എന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. **അല്ലാഹു (ത) പറയുന്നു. (അവൻ) അദൃശ്യ കാര്യങ്ങൾ അറിയുന്നവനാണ്. അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തികൊടുക്കുന്നതല്ല, അവൻ തൃപ്തിപ്പെടുന്ന അവന്റെ ഒരു ദൂതനല്ലാതെ (72:27,28)**

അങ്ങനെ, ഇത്തരത്തിലുള്ള അറിവ് ലഭിക്കുന്നതിന്, അവൻ പ്രവാചകൻ തന്നെ ആയിരി ക്കണമെന്ന് സൂറ അൽഫാത്തിഹായിലെ അടുത്ത വചനം ഇതിനെ സ്ഥിരീകരിക്കുന്നു.

**സിറാത്തല്ലദീന അൻഅംത അലൈഹിം, ഗയ്രിൽ മഗ്ളൂബി അലൈഹിം ,വലാളാല്ലീൻ അർത്ഥം നീ അനുഗ്രഹം ചെയ്തവരുടെ പാതയിൽ (അനുഗ്രഹങ്ങൾ – പ്രവാചകന്മാരും ദൈവദൂതന്മാരും – ) നിന്റെ കോപ ത്തിന് പാത്രമായവരുടെ പാതയിലല്ല, വഴിപിഴച്ചവരുടെ പാതയിലുമല്ല (അതായത്, ഈ അനുഗ്രഹങ്ങളുടെ നേരെ പുറം തിരിഞ്ഞവർ, അതായത് പ്രവാചകന്മാർക്കും,ദൈവദൂതന്മാർക്കും എതിരിൽ നിന്നവർ )**

ഈ വചനത്തിന്റെ അതേ അർത്ഥത്തിൽ വരുന്നതാണ് മറ്റുള്ളവർക്ക് നല്കിയ അനുഗ്രഹങ്ങൾ ഞങ്ങൾക്കും നീ നല്കേണമേ! പ്രവാചകൻ മുഹമ്മദ് (സ)യുടെ അനുയായികൾക്ക്, ഈ അറിവ്, നിഷേ ധിച്ചിട്ടില്ല. ഇതിന്റെ ഉത്തമോദാഹരണമാണ്, ഒരു പ്രവാചക പദവിയിലെത്തുന്നതിനുള്ള മാർഗ്ഗമായി നിർദ്ദേ ശിച്ചിട്ടുള്ളത്. പരിശുദ്ധ പ്രവാചകന്റെ ആത്മീയ മാർഗ്ഗദർശമനുസരിച്ചുള്ള പരിപൂർണ്ണ സമർപ്പണമാണ്. അങ്ങനെ നമുക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു തീരുമാനത്തിലെത്തിച്ചേരാവുന്നതാണ്. അതായത്, ഈ അനുഗ്രഹം കരഗതമാകുന്നതിന്, ഒരാൾ നബികരിം (സ)ന്റെ പ്രതിബിബംമായി തീരണം. അദ്ദേഹ ത്തിൽ പരിപൂർണ്ണമായി ലയിച്ചു ചേരണം.

അല്ലാഹു (ത) ദൈവീക വെളിപാടുകൾ എനിക്കുനല്കി. എന്നെ ഒരു ജമാഅത്തുമായി ഉയർത്തി യിരിക്കുന്നു. എനിക്കെങ്ങനെയാണ് ഞാൻ അല്ലാഹുവിന്റെ റസൂലല്ലാ എന്ന് പറയുവാൻ കഴിയുക ? അല്ലാഹു നല്കിയ ഈ പദവികളെ നിരസിക്കുവാൻ ഞാൻ ആരാണ് ? ദൈവകല്പനയ്ക്കെതിരായി എനിക്കാരേ ഭയപ്പെടാൻ കഴിയും ?

മനസ്സിലാക്കേണ്ട ഒരുകാര്യം ഞാനൊരു സ്വതന്ത്ര പ്രവാചകനല്ല. അഥവാ ഒരു പുതിയ ശരീഅ ത്തിന്റെ പ്രവാചകനല്ല. ആ നിലയിലുള്ള നബിയോ, പ്രവാചകനോ അല്ല എന്നതാണ് ഞാൻ നിഷേധിക്കു ന്നത്. എന്നാൽ തീർച്ചയായും ഞാനൊരു പ്രവാചകനാണ് എന്റെ യജമാനരായ മുഹമ്മദ് (സ) ന്റെ ആത്മീ യാനുഗ്രഹത്തിൽ നിന്നും അദ്ദേഹത്തിന്റെ പേരിലാണ് അല്ലാഹു (ത) ഈ സ്വർഗ്ഗീയ അറിവുകൾ എനിക്ക് പ്രദാനം ചെയ്തത്.

ഞാൻ വീണ്ടും ആവർത്തിച്ചു വ്യക്തമാക്കുകയാണ്. ഞാൻ പുതിയ ഒരു നിയമവും കൊണ്ടും വന്നിട്ടില്ല. എന്നെ പ്രവാചകൻ എന്നു വിളിക്കുന്നതിനെ ഞാൻ നിരസിച്ചിട്ടുമില്ല. പുതിയ നിയമം കൊണ്ടു വന്ന പ്രവാചകനല്ല എന്നേ പറഞ്ഞിട്ടുള്ളു. അതുപോലെ ഞാൻ പറഞ്ഞുകഴിഞ്ഞതാണ് അല്ലാഹു (ത) അവൻ എന്നെ ഒരു പ്രവാചകൻ (നബി) എന്നും ദൂതൻ (റസൂൽ) എന്നും അഭിസംബോധന ചെയ്തിരി ക്കുന്നു എന്ന്. ആയതിനാൽ ഈ സ്ഥാനങ്ങൾ വഹിക്കുന്നതിൽ എനിക്കെന്താണ് തെറ്റ് ? ഒരു തെറ്റും കാണുന്നില്ല. ഞാൻ അല്ലാഹുവിന്റെ നബിയാണ്, റസൂൽ ആണ്, വാഗ്ദത്ത മസീഹ് മിർസാഗുലാം അഹ്മദ് (അ) നബിയും റസൂലും ആയിരുന്നതുപോലെ.

ഞാനൊരു പ്രവാചകനല്ല, ഞാനൊരു നിയമവും കൊണ്ടുവന്നിട്ടില്ല. ഇതിന്റെ അർത്ഥം ഞാനൊരു പുതിയ ശരീഅത്തുമായി വന്ന പ്രവാചകനല്ല എന്നു മാത്രമാണ്. വളരെ പ്രധാനപ്പെട്ട ഒരുകാര്യം നാം വിസ്മരിച്ചു പോകരുത്, അതായത് എന്നെ ഒരു പ്രവാചകൻ എന്നു വിളിക്കുമ്പോൾ, എനിക്ക് ഈ ആത്മീയപദവി സ്വതന്ത്രമായി ലഭിച്ചതല്ല, മറ്റാരുടേയും സഹായമില്ലാതെ ലഭിച്ചതുമല്ല. ഉന്നതങ്ങളിൽ പരിശുദ്ധമായ ഒരു വ്യക്തിത്വം നിൽക്കുന്നു. അത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ടെ ആത്മീയ വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ ആത്മീയ പ്രഭാവത്തിലൂടെയാണ് അല്ലാഹു (ത) എനിക്കീ ആത്മീയാനുഗ്രഹങ്ങൾ പ്രദാനം ചെയ്തത്. അദ്ദേഹത്തിലൂടെ, അദ്ദേഹത്തിന്റെ കരങ്ങളിൽ ഞാനില്ലാതായി തീർന്നു (തുടർന്നും അങ്ങനെയായിരിക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു) ഈ സാഹചര്യത്തിലാണ് അല്ലാഹു (ത) എന്നെ മുഹ്‌യിദ്ദീനായി ഉയർത്തിയത്, ഖലീഫത്തുല്ലാഹ് ആയി ഉയർത്തിയത്. അല്ലാഹുവിൽ നിന്നുള്ള അറിവുകൾ ലഭ്യമായി തുടങ്ങിയത് അങ്ങനെയാണ്. ആയതിനാൽ എന്റെ പദവി ഖാത്തമുന്നബിയ്യീൻ ആയ മുഹമ്മദ് (സ) യുടെ സുവിശേഷം നല്കുന്ന വെറും ഒരു സുവിശേഷകൻ മാത്രമല്ലാ എന്നു പറയുന്നത്.

എനിക്കീ സ്ഥാനം ലഭ്യമായത്, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ എല്ലാഗുണഗണങ്ങളും എന്നിലൂടെ പ്രതിബിംബിച്ചപ്പോഴാണ് (തുടർന്നും അങ്ങനെ ചെയ്തു കൊണ്ടിരിക്കുന്നു) ഞാൻ അദ്ദേഹത്തിന്റെ സ്നേഹവലയത്തിൽ പ്രവേശിച്ചപ്പോൾ ഞാനെന്ന അസ്തിത്വം ഇല്ലാതായി. അല്ലാഹു (ത) എനിക്ക് നല്കിയവെളിപാടിലൂടെ ഖലീഫത്തുല്ലാഹ് മുഹ്‌യിദ്ദീൻ എന്നു വിളിച്ചതുമൂലം മുഹമ്മദ്(സ) യുടെ മഹത്വത്തിനോ, ശ്രേഷ്ഠതയ്ക്കോ യാതൊരു കുറവും വരുത്തുന്നതല്ല മറിച്ച് അദ്ദേഹം ഖാത്തമുന്നബിയ്യീനാണ് എന്ന് വീണ്ടും സ്ഥിരീകരിക്കുകയാണ്. എന്റെ എതിരാളികളുടെ എതിർപ്പ് വ്യക്തമാണ്. അതായത് മുഹമ്മദ് മുസ്തഫ (സ)ക്ക് ശേഷം ഒരു പ്രവാചകൻ ആഗതരായാൽ, നബികരിം (സ)ടെ ഖാത്തമുന്നബിയ്യീൻ എന്ന പദവിക്ക് ലംഘനമുണ്ടാകും. ഇതിന് യാതൊരു അടിസ്ഥാനവുമില്ല. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ പദവിക്ക് യാതൊരു കോട്ടവും സംഭവിക്കുന്ന പ്രസ്താവനയല്ല ഞാൻ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രവാചകന്മാരുടെ സീൽ എന്ന ശ്രേഷ്ഠ സ്ഥാനത്തെ ഒന്നുകൂടി ഉറപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)ടെ സന്ദേശത്തിന് ഒരല്പം പോലും എതിരല്ല എന്റെ സന്ദശം. ഒരു വസ്തുവിന്റെ നിഴൽ ആവസ്തുവിൽ നിന്ന് ഭിന്നമല്ല. ഇത് നിങ്ങളെ ബോധ്യപ്പെടുത്തുവാൻ ദൃഷ്ടാന്തപരമായ ഒരു ഉദാഹരണം പറയുന്നു എന്നും മാത്രം. ഓരോ വസ്തുവിനും, വ്യക്തിക്കും അഥവാ അല്ലാഹുവിന്റെ സൃഷ്ടിക്ക് ഒരു നിഴൽ ഉണ്ടാകും. അതുപോലെ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പ്രവാചകന്മാരുടെ, സീലായി നിലനില്ക്കുന്നതാണ്, ആ യജമാനരെ പിന്തുടരുന്ന നിഴൽപോലെ, അദ്ദേഹത്തിന്റെ ഉമ്മത്തിൽ, അദ്ദേഹത്തെ അനുഗമിക്കുന്ന നിഴൽ സമാനരായ പ്രവാചകന്മാർ ഉണ്ടാകുന്നതാണ്. ആ നിഴൽ പ്രവാചകന്മാർക്ക് സ്വതന്ത്രഅസ്തിത്വമില്ല. ഞാൻ ഈ പറഞ്ഞതിൽ നിന്നും അല്പം കൂട്ടുകയോ അല്പം കുറയ്ക്കുകയോ ചെയ്യുന്നവർ ആരായാലും അവർ കള്ളം പറയുന്നവരാണ്, അവർ കുഴപ്പകാരികളുമാണ്. ഞാൻ ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് ആണ്, മുഹ്‌യിദ്ദീൻ ആണ്. എനിക്ക് ഈ പദവി നല്കിയത് അല്ലാഹു (ത) ആകുന്നു. അല്ലാതെ മനുഷ്യരല്ല. എന്റെ വ്യക്തിത്വത്തിന് ഇത് നേടുന്നതിന് ഒന്നും ചെയ്യുവാൻ സാധിക്കുന്നതല്ല. എന്റെ ആത്മാവ്,ഞാനെന്ന അസ്തിത്വം, അല്ലാഹുവിനോടും അവന്റെ പ്രവാചകനായ മുഹമ്മദ് (സ) നോടും, അവന്റെ മസീഹായ കഴിഞ്ഞ നൂറ്റാണ്ടിലെ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നോടുമുള്ള സേന്ഹത്താൽ ലയിച്ചു ചേർന്നിരിക്കുകയാണ്.

എന്റെ എതിരാളികൾ എന്റെ മേൽ ഇനിയും കള്ളം കെട്ടിചമച്ചു പറയുകയാണെങ്കിൽ അവർ അജ്ഞന്മാരായിരിക്കാം ദുർവൃത്തരായിരിക്കാം. എന്നു പറഞ്ഞു ഞാൻ ഇത് ഇവിടെ അവസാനിപ്പിക്കുകയാണ്. അല്ലാഹു (ത) അവരുടെ ഹൃദയങ്ങളെ തുറക്കട്ടെ ! ഈ വിഷയത്തെ സംബന്ധിച്ച് പല വെള്ളിയാഴ്ചകളിലൂടെയും മറ്റ് പ്രഭാഷണങ്ങളിലൂടെയും ഞാൻ സംസാരിച്ചിട്ടുള്ളതാണ്. അത് അവർ കേൾക്കട്ടെ ! എന്നിട്ട് കാര്യങ്ങൾ മനസ്സിലാക്കട്ടേ ! ഇൻശാ അല്ലാഹ്.

ഇന്നത്തെ സവിശേഷമായ ഈ പ്രസംഗത്തെ ഉപസംഹരിച്ചുകൊണ്ട് പറഞ്ഞു സൂറ അൽഫാത്തിഹ പ്രതിനിധാനം ചെയ്യുന്നത്; പ്രവാചകന്മാർ ആഗതരാവേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, അതുപോലെ ഇത് സർവ്വശക്തനായ ദൈവത്തോടുള്ള ഒരർത്ഥനയാണ് പ്രവാചകന്മാരെ അയച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടി. മനുഷ്യാത്മാവിന്റെ സുരക്ഷയ്ക്ക്, വിശ്വാസ പാതയിൽ അടിയുറച്ച് നിൽക്കുവാൻ, ദൈവീക അനുഗ്രത്തിൽ ഉൾപ്പെടുവാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ല. അല്ലാഹുവിന്റെ നബിമാർ ഇല്ലെങ്കിൽ മനുഷ്യർ സ്വയം തെറ്റിൽ ആപതിക്കുകയും, സാത്താന്റെ പിടിയിലമരുകയും ചെയ്യുന്നതാണ്. മുഹമ്മദ് നബിയുടെ ഉമ്മത്തിൽ നബിമാർ ഒരു നിർണ്ണായക ഘടകമാണ്. അവർ വന്നുകൊണ്ടിരിക്കും. അത് വിധിനാൾ വരേക്കും തുടരുന്നതാണ്. ഈ പ്രാർത്ഥന സൂറ അൽഫാത്തിഹായിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. നാം പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. സൂറ അൽഫാത്തിഹ ഉറപ്പു നൽകുന്ന കാര്യം അല്ലാഹു അവന്റെ പ്രാർത്ഥന കേൾക്കുന്നവനാണ് അങ്ങനെ അവനെ നേർവഴിയിലേക്ക് മടക്കി കൊണ്ടുവരുന്നതാണ്. അവന്റെ പ്രാർത്ഥന അല്ലാഹു കേട്ടിരിക്കുന്നുവെന്ന് അവൻ അംഗീകരിക്കുന്നുവെങ്കിൽ ! അല്ലാഹു (ത) നിങ്ങളുടെ കണ്ണുകളെ ഈ ലോകത്ത് തുറക്കട്ടെ ! അങ്ങനെയായാൽ നിങ്ങൾക്ക് നബിമാരുടെ സാന്നിദ്ധ്യം ഉണ്ടാകും. അതിലൂടെ നിങ്ങൾക്ക് പ്രയോജനമുണ്ടാകും. ഇപ്പോൾ നിങ്ങൾക്ക് ഒരു പ്രവാചകനെ അല്ലാഹു അയച്ചിരിക്കുന്നു. അദ്ദേഹം നിങ്ങളെ നിങ്ങളുടെ സൃഷ്ടാവിലേക്ക് നയിക്കുന്നു. അതാണ് നിങ്ങളുടെ യഥാർത്ഥ സന്തോഷം. ഇൻശാ അല്ലാഹ് ! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************